**കോതമംഗലം നഗരസഭയുടെ 2017-18 സാമ്പത്തീക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ നടത്തുന്ന പ്രസംഗം.**

ബഹുമാന്യയായ ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിൽ അംഗങ്ങൾ, മുനിസിപ്പൽ സെക്രട്ടറി, വകുപ്പ്മേധാവികൾ, ഉദ്യോഗസ്ഥർ, മാദ്ധ്യമ സുഹൃത്തുക്കളെ,

2015-ലെ തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന ഭരണസമിതിയുടെ രണ്ടാമത് ബഡ്ജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

കോതമംഗലം നഗരസഭ രൂപീകൃതമായിട്ട് 38 വർഷം പിന്നിട്ടു കഴിഞ്ഞ സാഹചര്യത്തിൽ നഗരസഭയുടെ ഭരണചിത്രം സൂക്ഷ്മതലത്തിൽ പഠിക്കുന്നവർക്ക് പ്രത്യക്ഷത്തിൽ തന്നെ കാലാകാലങ്ങളിലെ നഗരസഭയുടെ വികസനവും, ഭരണസമിതിയുടെ പ്രവർത്തനങ്ങളെപ്പറ്റിയും വിലയിരുത്തുവാൻ സാധിക്കുന്നതാണ്. അതുകൊണ്ട് തന്നെ ഈ ബജറ്റിലും നഗരസഭയുടെ സാമ്പത്തീകസ്ഥിതിക്കനുസൃതമായ പദ്ധതികൾ മാത്രമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ബജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിങ്ങളോരുരുത്തരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ബജറ്റിന്റെ വിശദാംശങ്ങളിലേയ്ക്ക് പ്രവേശിച്ചുകൊള്ളട്ടെ.

2016-17 സാമ്പത്തിക വർഷത്തിൽ 45666401/-രൂപ മുന്നിരിപ്പും, 324229100/-രൂപ വരവും ഉൾപ്പെടെ 369895501/-രൂപ ആകെ വരവും, 319468731/-രൂപ ചെലവും, 50426770/-രൂപ നീക്കിയിരുപ്പും കണക്കാക്കുന്ന പുതുക്കിയ ബഡ്ജറ്റും, 2017-18 സാമ്പത്തിക വർഷത്തിൽ 50426770/- രൂപ മുന്നിരിപ്പും, 457186030/-രൂപ വരവും ഉൾപ്പെടെ 507612800/-രൂപ ആകെ വരവും, 491720800/-രൂപ ചെലവും, 15892000/-രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റുമാണ് അവതരിപ്പിക്കുന്നത്.

നഗരസഭകളുടെ തനത് സാമ്പത്തീക സ്രോതസ്സുകളുടെ വരുമാനം കൂടാതെ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന വായ്പകൾ എന്നിവയാണ് വികസനസ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുവാൻ മുഖ്യമായും നഗരസഭ ലക്ഷ്യമിടുന്നത്. ദൈനംദിന ചെലവുകൾ പോലും നിർവ്വഹിക്കാൻ പറ്റാത്ത വിധത്തിൽ നഗരസഭ അതിരൂക്ഷമായ സാമ്പത്തീക പ്രതിസന്ധിയിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നതെന്ന വസ്തുത ഏവരും മനസ്സിലാക്കേണ്ടതാണ്. ഈ പരിതസ്ഥിതിയിലും ജനങ്ങൾക്ക് ഉപകാരപ്രദവും, സംസ്ഥാന ഗവൺമെന്റ് ഉത്തരവിന് വിധേയമായി മാത്രം നികുതികൾ ചുമത്തിയും, മറ്റ് നികുതി ഭാരം കൂട്ടാതെയും വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും ഈ കൗൺസിൽ പ്രതിജ്ഞാബദ്ധമാണ്. പ്രതീക്ഷിക്കുന്ന വരുമാനം സ്വരൂപിക്കുന്നതിന് ജാഗ്രതയോടെ പ്രവർത്തിച്ചും, നഗരസഭയ്ക്ക് ലഭിക്കുവാനുള്ള ഗവൺമെന്റ് ഗ്രാന്റുൾപ്പെടെയുള്ള എല്ലാ വിഭവ സ്രോതസ്സുകളേയും പരമാവധി ശേഖരിച്ചും, നഗരവികസനത്തിനായി ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പയും യഥാസമയം കൈവരിച്ച് ഈ ബഡ്ജറ്റിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക പിരിച്ചെടുത്തും, തൊഴിൽ നികുതി, ലൈസൻസ് എന്നീയിനത്തിൽ നഗരത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുക വഴിയും, മറ്റുള്ള നികുതി വരുമാനത്തിലൂടെയും 2017–18 സാമ്പത്തീക വർഷത്തേയ്ക്ക് പ്രധാന റവന്യൂ സ്രോതസ്സിൽ 6.96 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. നിലവിൽ നഗരസഭയ്ക്ക് ലഭ്യമാകുന്ന ജനറൽ പർപ്പസ് ഫണ്ട് കൂടി ഉപയോഗിച്ചുകൊണ്ടാണ് റവന്യൂ ചെലവ് അഭിമുഖീകരിക്കുന്നത് . ടി ഇനത്തിൽ നഗരസഭ 1.41 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. ആയതിൽ 44 ലക്ഷം രൂപ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളമിനത്തിലുള്ള തുക കഴിച്ച് ബാക്കി 97 ലക്ഷം രൂപ റവന്യൂ ചെലവ് നടത്തുന്നതിന് ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

30–ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടെ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ 38.65 ലക്ഷം രൂപ വരവും

ആയത് തന്നെ ചെലവും കണക്കാക്കുന്നു. ടി ഹെഡിൽ ഉൾപ്പെടുത്തി ഗവൺമെന്റിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വിവിധ ക്ഷേമ പെൻഷൻ തുകകൾ നിലവിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സംവിധാനം വഴി നേരിട്ട് നിക്ഷേപിക്കുന്നതിനാൽ നഗരസഭയുടെ കണക്കിൽ ടി ഇനത്തിൽ വരവ് ചെലവ് ഉൾപ്പെടുത്തേണ്ടതായി കാണുന്നില്ല. എന്നിരുന്നാലും വിവിധ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ മാനദണ്ഡങ്ങൾക്ക് വിധേയമായി നഗരസഭാ കൗൺസിൽ അംഗീകരിച്ച് ക്ഷേമപെൻഷൻ ലഭ്യമാകുന്ന സാഹചര്യം ഉറപ്പ് വരുത്തുന്നതുമാണ്. നഗരസഭയുടെ റോഡുകൾ ഭൂരിഭാഗം തന്നെ സഞ്ചാരയോഗ്യമാണെന്നത് എല്ലാവർക്കും അറിയുന്ന വസ്തുതയാണല്ലോ; എന്നാലും ആയതിന്റെ സംരക്ഷണത്തിനായി 2.74 കോടി രൂപയും, നഗരസഭയുടെ പരിധിയിലെ അംഗൻവാടികൾ, നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ സ്ക്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ സംരക്ഷണത്തിനായി ആകെ 73.84 ലക്ഷം രൂപയും, എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ടിനത്തിൽ 90 ലക്ഷം രൂപ വരവും, അത്ര തന്നെ ചെലവും കണക്കാക്കുന്നു.

ഇനി മൂലധനകണക്ക് ശീർഷകത്തിലെ വരവ് ചെലവുകളിലേയ്ക്ക് പ്രവേശിക്കാം.

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി 13-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് വിഹിതമിനത്തിൽ പ്ലാൻ ഫണ്ട് ജനറൽ 4.02 കോടി രൂപയും, പ്ലാൻ ഫണ്ട് എസ് സി പി തുക 84.83 ലക്ഷം രൂപയും, 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഇനത്തിൽ 4.5 കോടി രൂപയും വരവ് പ്രതീക്ഷിക്കുന്നു. നഗരസഭയുടെ 12-ാം പഞ്ചവൽസരപദ്ധതിയുടെ അവസാനപാദമായ നടപ്പ് സാമ്പത്തീക വർഷത്തിൽ നഗരസഭയ്ക്ക് പ്രതീക്ഷിച്ച പുരോഗതി പദ്ധതി നിർവ്വഹണത്തിൽ കൈവരിക്കുവാൻ സാധിച്ചില്ലായെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. ആയതിനുള്ള പ്രധാന കാരണം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണെന്ന വസ്തുത ഏവർക്കും അറിയുന്നതാണ്. ഏകദേശം ആഗസ്റ്റ് 2016 മാസത്തോടെയാണ് നമുക്ക് അന്തിമ പദ്ധതിരേഖ തന്നെ രൂപീകരിച്ച് അംഗീകാരം നേടിയെടുക്കാൻ സാധിച്ചത്. കൂടാതെ അധികവിഹിതം ഫണ്ടുകൾ നഗരസഭയ്ക്ക് ലഭ്യമായത് സാമ്പത്തീക വർഷത്തിന്റെ അവസാനപാദത്തിലാണെന്ന വസ്തുതയും

കണക്കിലെടുക്കേണ്ടതാണ്. നിർവ്വഹണം ആരംഭിച്ച പദ്ധതികൾ സ്പിൽ ഓവറായി തുടരാൻ സാധിക്കുന്നതു മൂലം ടി പദ്ധതികൾ എകദേശമെല്ലാം ബജറ്റ് വർഷം പൂർത്തീകരിക്കുന്നതാണ്. കൂടാതെ അടുത്ത സാമ്പത്തീക വർഷത്തേയ്ക്കുള്ള പദ്ധതിരൂപീകരണം എത്രയും പെട്ടെന്ന് നഗരസഭയ്ക്ക് പൂർത്തിയാക്കേണ്ടതുണ്ട്. 13-ാം പഞ്ചവൽസര പദ്ധതിയുടെ നിർവ്വഹണം ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം എന്ന നിലയിൽ നഗരസഭയുടെ പദ്ധതി വിനയോഗം നവകേരള മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കൂടുതൽ ഫലപ്രദവും ജനോപകാരപ്രദവുമായി നടപ്പിലാക്കുന്നതിന് ബജറ്റ് വർഷം നിതാന്ത ജാഗ്രതയോടെ പദ്ധതികൾ രൂപീകരിക്കുന്നതും, പദ്ധതി സംയോജന രൂപരേഖ തയ്യാറാക്കുന്നതുമാണ്. ആയതിലേയ്ക്ക് ഏവരുടേയും പരിപൂർണ്ണ പങ്കാളിത്തം അഭ്യർത്ഥിച്ചുകൊള്ളുന്നു. ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയഞ്ജം എന്നീ നാലു മിഷനുകളേയും ഉൾപ്പെടുത്തിക്കൊണ്ടാണ് നവകേരള മിഷൻ രൂപീകൃതമായിട്ടുള്ളത്.

<u>ലൈഫ് മിഷൻ</u> –' സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി ' ഭവനം മനുഷ്യന്റെ അടിസ്ഥാനപരമായ ഒരു അവകാശമായി കരുതി സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവർക്കും, വിധവകൾക്കും, അഗതികൾക്കും മുൻഗണന നൽകിയും, സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കി ഓരോ പ്രദേശത്തിനും അനുയോജ്യമായ പാർപ്പിട സമുച്ചയങ്ങൾ/ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഇത്. ആയതിലേയ്ക്കായി ടോക്കൺ വിഹിതമായി ബജറ്റ് വർഷം 1 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ഹരിതകേരളം മിഷൻ</u> – ജൈവമാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്ക്കരിച്ച് വളമാക്കി മാറ്റുക, അത്തരം ജൈവവളങ്ങൾ ഉപയോഗിച്ച് പച്ചക്കറിക്കൃഷി ചെയ്ത് നമുക്കാവശ്യമായ പച്ചക്കറി ഉത്പാദിപ്പിച്ച് സ്വയം-പര്യാപ്തത കൈവരിക്കുക, പുരയിടങ്ങളിലും,പൊതുസ്ഥലങ്ങളിലുമുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ചും വേനൽക്കാലത്തെ ജലലഭ്യത ഉറപ്പ് വരുത്തുക എന്നീ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഹരിതകേരളം മിഷൻ പദ്ധതി നടപ്പാക്കുന്നത്. ആയതിൽ ഏറ്റവും പ്രധാനം ജലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ കുളങ്ങൾ, തോട്, അരുവികൾ എന്നിവയുടെ പുനരുദ്ധാരണമാണ്. അതാകട്ടെ പൂർണ്ണമായും

തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നടത്താനാകുന്നതുമാണ്. കൂടാതെ പ്ലാൻ ഫണ്ടും ഹരിതകേരളം മിഷൻ പദ്ധതിയ്ക്കായി ഉപയോഗിക്കുന്നതാണ്.

ആർദ്രം മിഷൻ – പ്രധാന ഉദ്ദേശം മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ജനസൗഹൃദ സർക്കാർ ആശുപത്രികൾ സജ്ജമാക്കുക എന്നതാണ്. ആയതിന്റെ പ്രാരംഭ ഘട്ടത്തിൽ നഗരസഭയുടെ കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ആസ്പദമാക്കിയും, അവയുടെ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരേയും, പ്രവർത്തകരേയും, കുടുംബശ്രീ ആരോഗ്യ വോളണ്ടിയർമാരേയും ഉപയോഗിച്ച് നഗരസഭയിലെ പൗരൻമാരുടെ ആരോഗ്യാവസ്ഥയുടെ വിവര സഞ്ചയം തയ്യാറാക്കുന്നതിനും, രോഗികളായി കണ്ടെത്തുന്നവർക്ക് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ചികിൽസ ലഭ്യമാക്കുകയും, അല്ലാത്തവരെ മുകൾത്തട്ടിലുള്ള ആശുപത്രികളിലേയ്ക്കും റഫർ ചെയ്യുകയും എന്നതാണ് ടി മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കായി ബജറ്റ് വർഷം ടോക്കൺ വിഹിതമായി 5 ലക്ഷം രൂപ പ്ലാൻ ഫണ്ടിലെ ആരോഗ്യം ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം – വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിൽ നാഴികക്കല്ലാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം. പ്രാഥമീക വിദ്യാഭ്യാസ മേഖല നവീകരിക്കാനും, ശക്തിപ്പെടുത്താനും ടി പദ്ധതി സഹായിക്കുമെന്നും നമുക്ക് ഉറച്ച് വിശ്വസിക്കാം.

നഗരവിഭാഗത്തിലെ ജനങ്ങൾ ജോലിസംബന്ധമായും, അധിവാസ സംബന്ധമായും, സാമൂഹികവുമായും അനുഭവിക്കുന്ന കഷ്ടപ്പാടുകൾ കണക്കിലെടുത്ത് ആയത് പരിഹരിക്കുന്നതിനായി ദേശീയ ഉപജീവന ദൗത്യം (NULM) എന്ന പുതിയ പദ്ധതി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതിനാൽ ടി ഇനത്തിൽ ടോക്കൺ വിഹിതമായി ബജറ്റ് വർഷം 2 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ എസ് ജെ എസ് ആർ വൈ പദ്ധതിയ്ക്ക് പകരമായിട്ടാണ് എൻ യു എൽ എം നിലവിൽ വന്നിട്ടുള്ളത്.

കേന്ദ്രഗവൺമെന്റ് 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാനമന്ത്രി ആവാസ് യോജന – പാർപ്പിട പദ്ധതി 2015–2022 കാലയളവിലേയ്ക്കുള്ള ഇനത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമിനത്തിൽ 180 ഗുണഭോക്താക്കൾക്ക് (2.7 കോടി കേന്ദ്രം + 90 ലക്ഷം സംസ്ഥാനം) 3.6 കോടി നടപ്പ് വർഷവും, 288 ഗുണഭോക്താക്കൾക്ക് 5.6 കോടി

രൂപ ബജറ്റ് വർഷവും പ്രതീക്ഷിക്കുന്നു. കൂടാതെ ടി ഇനത്തിലെ നഗരസഭാ വിഹിതം 1.44 കോടി രൂപ പ്ലാൻ ഫണ്ടിനത്തിലും ബജറ്റ് വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

മുനിസിപ്പൽ പ്രദേശങ്ങളിൽ ശുചിത്വ മാലിന്യ സൗകര്യങ്ങൾ സമ്പൂർണ്ണമാക്കുന്നതിന് ജനങ്ങൾ, സമൂഹം എന്നിവരുടെ പൂർണ്ണ പങ്കാളിത്തം ആവശ്യമാണ്. സ്വച്ഛ്ഭാരത് മിഷൻ പദ്ധതി പ്രകാരം നഗരസഭയെ Open Defecation Free ആയി പ്രഖ്യാപിക്കുന്നതും, ആയതിന്റെ തുടർപദ്ധതിയെന്നോണം നഗരസഭാ പരിധിയിലുള്ള തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ പൊതു ശൗചാലയം, കമ്മ്യൂണിറ്റി ടോയ്‌ലറ്റ്, മൂത്രപ്പുരകൾ എന്നിവയും 2017–18 സാമ്പത്തീക വർഷം നഗരസഭ ലക്ഷ്യമിടുന്നു. ആയതിലേയ്ക്കുള്ള വിഹിതമായി 10 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുശ്മശാനം യാഥാർത്ഥ്യമാക്കുന്നതിന് ബജറ്റ് വർഷം 1 കോടി രൂപ വകയിരുത്തുകയും, ആയതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്. അറവുശാലയ്ക്കായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിന് ഹഡ്കോയുടെ, 4 കോടി രൂപയുടെ വായ്പ അനുവദിച്ചതിൽ ഒന്ന്, രണ്ട് ഗഡു തുകയിനത്തിൽ 2 കോടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തുക ലഭ്യമാകുന്ന മുറയ്ക്ക് മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ബജറ്റ് വർഷം അക്ഷീണപ്രയത്നം നടത്തുന്നതാണ്. ലോകബാങ്ക് അഡീഷണൽ ധനസഹായം 2 കോടി ലഭ്യമായിട്ടുള്ളതുപയോഗിച്ച് പുതുപ്പാടി, തങ്കളം, വിളയാൽ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതുമാണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം 1.57 കോടി വരവ് പ്രതീക്ഷിക്കുന്നു.

ഹൈറേഞ്ച് – തങ്കളം ബസ് സ്റ്റാന്റുകൾക്കായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചുകൊണ്ട് അത്യാവശ്യ വേലകൾ പൂർത്തിയാക്കി. 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്ന ചരക്ക് സേവന നികുതി പ്രത്യക്ഷത്തിൽ 5%, 12%, 18%, 28% എന്നിങ്ങനെ 4 സ്ലാബുകളായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. സേവന നികുതി ഈടാക്കുന്ന സ്ലാബ്

സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ലാത്തതിനാൽ, നഗരസഭയിൽ നിലവിൽ വാടക വരുമാനത്തോടൊപ്പം ഈടാക്കി വരുന്ന സേവനനികുതി ഇനത്തിൽ ബജറ്റ് വർഷം 20 ലക്ഷം രൂപ വരവും, അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു. നഗരസഭയിൽ സ്റ്റേഡിയം നിർമ്മാണത്തിനായി 1.5 കോടി രൂപ ബജറ്റ് വർഷം വകയിരുത്തിയിട്ടുണ്ട്.

സ്ത്രീ സുരക്ഷ, നഗരസുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബജറ്റ് വർഷം തയ്യാറാക്കുന്നതും ആയതിനുള്ള തുക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. അനിമൽ ബർത്ത് കൺട്രോൾ പദ്ധതിക്കായി 5 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

65 വയസ് കഴിഞ്ഞവർക്കെല്ലാം വയോമിത്രത്തിലൂടെ സൗജന്യ വൈദ്യപരിശോധനയും മരുന്നും നൽകി വരുന്നു. ഖരമാലിന്യസംസ്ക്കരണ പ്ലാന്റ് നിർമ്മാണം ഏകദേശം പൂർത്തിയായി കഴിഞ്ഞു. ആകയാൽ നഗരസഭയുടെ മാലിന്യ നിർമ്മാർജ്ജനത്തിന് ബജറ്റ് വർഷം പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അടുത്ത സാമ്പത്തിക വർഷം കാർഷിക മേഖലയ്ക്ക് പ്രത്യേകിച്ച് ജൈവപച്ചക്കറികൃഷിക്ക് ഊന്നൽ കൊടുത്തുകൊണ്ടുൾപ്പെടെ 58.8 ലക്ഷം രൂപയും ദാരിദ്ര്യലഘൂകരണത്തിനായി 1.79 കോടി രൂപയും പട്ടികജാതി വികസനത്തിനായി 77.19 ലക്ഷം രൂപയും വനിതാ വികസന പദ്ധതികൾക്കായി 13.12 ലക്ഷം രൂപയും സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി 74.66 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, ഊർജ്ജം, സദ്ഭരണം എന്നീ മേഖലകൾക്കായി ആകെ 1.08 കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് വിവിധ ഡിപ്പോസിറ്റുകൾ ഇനത്തിൽ 1.67 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു.

എന്തെല്ലാം ജീവിത പ്രശ്നങ്ങൾ ഉണ്ടെങ്കിലും നഗരസഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുകയും, സഹായിക്കുകയും ചെയ്തിട്ടുള്ള ജനങ്ങൾ നഗരസഭയോടൊപ്പം നിന്ന് എല്ലാ പ്രവർത്തനങ്ങളേയും പിന്തുണക്കുമെന്ന ഉറച്ച വിശ്വാസം ഈ ഭരണസമിതിയ്ക്കുണ്ട്. അധികാര വികേന്ദ്രീകരണം നമുക്ക് നൽകിയ ഏറ്റവും നല്ല പാഠം വികസനത്തിലെ അർത്ഥപൂർണ്ണമായ ജനപങ്കാളിത്തമാണ്.

ഭരണത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് നമുക്ക് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്.

എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുന്ന എന്റെ പ്രിയപ്പെട്ട കൗൺസിൽ അംഗങ്ങൾ, ഈ ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സഹായിച്ച ബഹു. ചെയർപേഴ്സൺ, ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി അംഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിലർമാർ, മുനിസിപ്പൽ സെക്രട്ടറി, ജീവനക്കാർ എന്നിവരോട് ധനകാര്യ സ്ഥിരം സമിതിയ്ക്കുള്ള നിസ്സീമമായ നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു. ഒരിക്കൽക്കൂടി കൂട്ടായ്മയുടേയും, നാടിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സ്വയംസമർപ്പണ മനോഭാവം കാഴ്ചവച്ചുകൊണ്ടും വികസനങ്ങളുടെ അത്ഭുതം സൃഷ്ടിക്കാമെന്ന പ്രതീക്ഷയോടെ നഗരസഭയുടെ മഹനീയസഭ മുന്നാകെ ബജറ്റ് ഐക്യകണ്ഠേന പാസ്സാക്കുന്നതിനായി സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹാദരവുകളോടെ,

ധനകാര്യ സ്ഥിരം സമിതിയ്ക്ക് വേണ്ടി,

(ഒപ്പ്)
എ ജി ജോർജ്ജ്,
ഡെപ്യൂട്ടി ചെയർപേഴ്സൺ
(ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)